# കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 613 3

28.10.2011 ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ ഓഡിറ്റ് എൽ.എഫ് .എ.ഡി ക്ക് നൽകുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് | ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| എ) മുൻ സർക്കാരിന്റെ കാലത്ത് ശ്രീ.ആര്യാടൻ മുഹമ്മദ് എം.എൽ.എ അദ്ധ്യക്ഷനായിരുന്ന പബ്ളിക്ക് അക്കൗണ്ട്സ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഓഡിറ്റ് സംവിധാനം വിപുലമാക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിൽ എത്ര തസ്തികകൾ അനുവദിക്കണമെന്നാണ് ശുപാർശ ചെയ്തിരുന്നത്;<br>ബി) പ്രസ്തുത ശുപാർശയിൻമേൽ നാളിതുവരെ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട്; | മുൻ സർക്കാരിന്റെ കാലത്ത് ശ്രീ.ആര്യാടൻ മുഹമ്മദ് എം.എൽ.എ അദ്ധ്യക്ഷനായിരുന്ന പബ്ളിക്ക് അക്കൗണ്ട്സ് കമ്മിറ്റി ലോക്കൽ ഫണ്ട് ഓഡിറ്റ് സംവിധാനം വിപുലമാക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിൽ തസ്തികകൾ അനുവദിക്കണമെന്ന് ശുപാർശ ചെയ്തതായി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ 1997ലെ P & ARD റിപ്പോർട്ട്, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 180 തസ്തികകൾ ജി.ഒ (എം.എസ്) നമ്പർ 338/10/ധന തീയതി 17.6.2010 പ്രകാരം അനുവദിച്ചിരുന്നു. |
| സി) കെ.എസ്.എഫ്.ഇ ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും ശുപാർശ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | കെ.എസ്.എഫ്.ഇ ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിക്കുന്നതു സംബന്ധിച്ച് ശുപാർശകളൊന്നും ധനവകുപ്പിൽ ലഭിച്ചിട്ടില്ല. |

| | |
|---|---|
| ഡി) കെ.എസ്.എഫ്.ഇ ഓഡിറ്റിംഗ് മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി ഏജൻസിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഇപ്പോൾ പരിഗണനയിലില്ല. |
| ഇ) കെ.എസ്.എഫ്.ഇ ക്ക് നിലവിൽ ആകെ എത്ര ബ്രാഞ്ചുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ? | കെ.എസ്.എഫ്.ഇക്ക് നിലവിൽ ആകെ 385 ബ്രാഞ്ചുകളാണ് ഉള്ളത്. |

Bajaraj

സെക്ഷൻ ഓഫീസർ